12/10/22.

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1760(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.15151/SIC-Gen4/2021**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 28**

ശ്രീ. മുഹമ്മദ് അഫീഫ് കെ.എച്ച്.,
അഫീദ മൻസിൽ,
പി.എച്ച്.സി നഗർ,
വൈദ്യരങ്ങാടി പി.ഒ., രാമനാട്ടുകര,
കോഴിക്കോട് – 673 633.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കൊണ്ടോട്ടി, കോഴിക്കോട്.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മാസ്റ്റർ,
എ.എം.എൽ.പി.സ്കൂൾ പുത്തൂപാടം,
ഐക്കരപാടം പി.ഒ.,
കൊണ്ടോട്ടി സബ് ജില്ല, പുളിക്കൽ (വഴി),
കോഴിക്കോട്.

3. അപ്പീൽ അധികാരി &
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കൊണ്ടോട്ടി, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.7.2021, 23.11.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 7.9.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 1.10.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.5.2022 |

| | |
|---|---|
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.6.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 27.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ എസ്.പി.ഐ.ഒ | ഹർജിക്കാരനുവേണ്ടി പ്രതിനിധി ഹാജരായി ഹാജരായി |

## ഉത്തരവ്

ശ്രീ. മുഹമ്മദ് അഫീഫ് കെ.എച്ച്. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനായി രണ്ടാം എതിർകക്ഷിക്കു അപേക്ഷ കൈമാറി എന്നും ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് മൂന്നാം എതിർകക്ഷിക്ക് അപ്പീൽ നൽകിയെന്നും ടി അപ്പീൽ തീർപ്പാക്കിയതിനെ തുടർന്ന് രണ്ടാം എതിർകക്ഷി ലഭ്യമാക്കിയ മറുപടിയിൽ ആക്ഷേപം ഉള്ളതിനാലാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ രേഖകളും സൗജന്യമായി ലഭ്യമാക്കാൻ രണ്ടാം എതിർകക്ഷിക്ക് നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.7.2021-ന് സമർപ്പിച്ചതും രണ്ടാം എതിർകക്ഷിക്ക് കൈമാറിയതുമായ വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ലാ പരിധിയിൽ ഉൾപ്പെട്ട പുത്തൂപ്പാടം എ.എം.എൽ.പി. സ്കൂൾ പി.ടി.എയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്.

1) പുത്തൂപ്പാടം എ.എം.എൽ.പി സ്കൂളിലെ 2014-2015 അദ്ധ്യയന വർഷം മുതൽ ഇപ്പോൾ നിലവിലുള്ളത് വരെയുള്ള പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റി ഭാരവാഹികളുടെയും അംഗങ്ങളുടെയും പേരും അഡ്രസ്സും വർഷം തിരിച്ച് വെവ്വേറെ ലഭ്യമാക്കണമെന്നും

2) 2014-2015 അധ്യയന വർഷം മുതൽ 2021 ജൂലൈ 20 വരെ ചേർന്ന മുഴുവൻ പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങളുടെയും ജനറൽ ബോഡി യോഗങ്ങളുടെയും മിനുട്സും ഹാജരും സാക്ഷ്യപ്പെടുത്തി പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 29.7.2021-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് രണ്ടാം എതിർകക്ഷിക്ക് അപേക്ഷയുടെ പകർപ്പ് നൽകിയിട്ടുണ്ടെന്നുമാണ്. തുടർന്ന് മൂന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷ യഥാസമയം 6(3) വകുപ്പു പ്രകാരം അയച്ചു കൊടുത്ത് ചുമതല നിർവ്വഹിക്കാതെ എസ്.പി.ഐ.ഒ എന്ന പദവിക്ക് യോജിക്കാത്തവിധം ആവശ്യപ്പെട്ട വിവരങ്ങൾ

നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷ 6 (3) വകുപ്പു അനുസരിച്ച് നടപടി ക്രമത്തിന് വിധേയമാക്കി വിവരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

4. ടി അപ്പീൽ തീർപ്പാക്കി 1.10.2021-ന് പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ നിന്നും ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനുവേണ്ടി പുത്തുപ്പാടം എ.എം.എൽ.പി സ്കൂളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ പ്രധാനാദ്ധ്യാപകന് അപേക്ഷയുടെ പകർപ്പ് അയച്ചു കൊടുത്തിട്ടുണ്ടെന്നാണ്. തുടർന്ന് 23.11.2021-ന് പുത്തുപ്പാടം എ.എം.എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപകനായ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, സ്കൂൾ പി.ടി.എ വിവരാവകാശ നിയമത്തിന്റെ പരിധിയിൽപെടുന്നില്ല എന്നതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതില്ല എന്നറിയിക്കുന്നു എന്നാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 27.7.2021-ന് ഓഫീസിൽ ലഭിക്കുകയും 29.7.2021-ന് സെക്ഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും 10.8.2021-നും 11.8.2021-നും രജിസ്റ്റേർഡ് ആയി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. തുടർന്ന് 10.9.2021-ന് ഹർജിക്കാരൻ അപ്പീൽ സമർപ്പിക്കുകയും 1.10.2021-ന് എ/2456/21 എന്ന കത്തു പ്രകാരം പ്രധാനാദ്ധ്യാപകനോട് മറുപടി അടിയന്തിരമായി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു എന്നും ടി കത്തിന്റെ പകർപ്പ് ഹർജിക്കാരനും 5.10.2021-ന് രജിസ്റ്റേർഡ് ആയി നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിക്കുകയും ഹർജിക്കാരനായ ശ്രീ. മുഹമ്മദ് അഫീഫിനുവേണ്ടി ഹാജരായ ശ്രീ. ഷാജിയേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടവേളയിൽ ഹർജിക്കാരനായ ശ്രീ. മുഹമ്മദ് അഫീഫിനുവേണ്ടി ഹിയറിംഗിൽ പങ്കെടുത്ത ശ്രീ. ഷാജി സ്കൂൾ പി.ടി.എ ആർ.ടി.ഐ നിയമത്തിന് കീഴിൽ കൊണ്ടുവരണമെന്ന് വാദിച്ചു. പി.ടി.എ " ഒരു പൊതു അധികാരസ്ഥാനം " എന്ന നിർവ്വചനത്തിൽ വരുന്നതല്ലാത്തതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് കമ്മീഷന് നിർവ്വാഹമില്ല. വിവരാവകാശ നിയമത്തിലെ ചട്ടം 6(3) പ്രകാരം ബന്ധപ്പെട്ട ഓഫീസിലേക്ക് 5 ദിവസത്തിനുള്ളിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയുടെ പകർപ്പ് നൽകുന്നതിൽ കാലതാമസം വരുത്തിയതിനുള്ള കാരണം എസ്..പി.ഐ.ഒ യും അപ്പീൽ അധികാരിയും വിശദീകരിക്കുകയും, ആയതിന് കമ്മീഷനോട് മാപ്പപേക്ഷിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, എസ്.പി.ഐ.ഒ യും അപ്പീൽ

അധികാരിയും ഭാവിയിൽ ആർ.ടി.ഐ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കുടുതൽ ശ്രദ്ധ കാണിക്കണെമെന്ന് നിർദ്ദേശിച്ചുകൊണ്ട് അവർക്കെതിരെയുള്ള നടപടികൾ കമ്മീഷൻ ഒഴിവാക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 28 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

bnk